(ഇ) ലാത്തിച്ചാർജ് നടന്നിട്ടില്ല. എന്നാൽ പ്രകടനക്കാരുടെ കല്ലേറിൽ പരിക്കു പറ്റിയ കൊല്ലം വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ-ഉം ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ എച്ച്.സി. നമ്പർ 3836 കെ.എ.പി.യിലെ രണ്ടു പോലീസുകാർ (നമ്പർ 3011, 3509) എന്നിവർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. കൂടാതെ ഏതാനും വിദ്യാർത്ഥികൾക്കും പരിക്കുപറ്റിയിട്ടുണ്ട്.

ദിലീപുകുമാറിനെ മർദ്ദിച്ച സംഭവം

97(838) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കൈതമുക്കിൽ റ്റി.സി. 28/45-ൽ ദിലീപ് കുമാർ എന്നയാളെ 2000 ജനുവരി 14-ാം തീയതി തന്റെ 'ശരണ്യ അസോസിയേറ്റ്സ്' എന്ന ഫോട്ടോസ്റ്റാറ്റ് സ്ഥാപനത്തിൽ വച്ച് സാമൂഹ്യവിരുദ്ധർ ആക്രമിക്കുകയും പണം പിടിച്ചുപറിക്കുകയും വീട്ടിൽ കയറി ഭാര്യയേയും കുട്ടികളേയും മർദ്ദിക്കുകയും ചെയ്തതായ പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) എഫ്.ഐ. ആറിന്റെ കോപ്പി പരാതിക്കാരന് നൽകിയിട്ടുണ്ടോ;

(ഇ) അക്രമികളെക്കുറിച്ചുള്ള സൂചന പരാതിക്കാരൻ നൽകിയിട്ടുണ്ടോ;

(എഫ്) അക്രമത്തിൽ പരിക്കേറ്റ ഇദ്ദേഹം എത്രനാൾ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു;

(ജി) കേസിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(എച്ച്) ഇതിലെ പ്രതികൾ മറ്റേതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) വഞ്ചിയൂർ സ്റ്റേഷനിൽ ക്രൈം 8/2000 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഐ.പി.സി. 143, 147, 148, 328, 452, 394 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) തപാലിൽ അയച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഒരു ദിവസം

(ജി) 4 പ്രതികളെ അറസ്റ്റു ചെയ്തു.

(എച്ച്) ഇതിലെ പ്രതികൾ മറ്റ് ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരല്ല.

LIBRARY ARCHIVES Kerala Legislative Assembly